## മധുരമായ കുട്ടികളേ - ആത്മാഭിമാനിയായി ബാബയെ ഓർമ്മിക്കുന്നതിനുള്ള ശ്രീമതം നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു, ഒരു കാര്യത്തിലും നിങ്ങൾ വാദിക്കരുത്.

**ചോദ്യം:-** ബുദ്ധിയോഗം സ്വച്ഛമായി ബാബയുമായി യോജിപ്പിക്കണം, അതിനുള്ള യുക്തി എതാണ് രചിച്ചിട്ടുള്ളത്?
**ഉത്തരം:-** 7 ദിവസത്തെ ഭട്ഠി. ആരെങ്കിലും പുതിയവർ വരികയാണെങ്കിൽ അവരെ 7 ദിവസത്തേയ്ക്ക് ഭട്ഠിയിലിരുത്തൂ. ഇതിലൂടെ ബുദ്ധിയിലെ അഴുക്കെല്ലാം ഇല്ലാതാക്കി ഗുപ്തമായ ബാബയെയും ഗുപ്തമായ പഠിപ്പിനെയും ഗുപ്തമായ സമ്പത്തിനെയും തിരിച്ചറിയാൻ സാധിക്കുന്നത്. വെറുതെ അങ്ങനെയിരിക്കുകയാണെങ്കിൽ സംശയിച്ച് പോകും, ഒന്നും മനസ്സിലാക്കുകയില്ല.

**ഗീതം:-** ഉണരൂ പ്രിയതമകളേ ഉണരൂ...

**ഓം ശാന്തി.** കുട്ടികളെ ജ്ഞാനിതൂ ആത്മാവാക്കി മാറ്റുന്നതിന് വേണ്ടി ഇങ്ങനെയിങ്ങനെയുള്ള ഏതെല്ലാം ഗീതങ്ങളാണോ അവ കേൾപ്പിച്ച് പിന്നീടതിന്റെ അർത്ഥം കണ്ടുപിടിക്കണം. അപ്പോൾ വായ തുറക്കുന്നു. അറിയാൻ സാധിക്കും എത്രത്തോളം സൃഷ്ടിയുടെ ആദി, മദ്ധ്യ, അന്ത്യത്തിന്റെ ജ്ഞാനം ബുദ്ധിയിലുണ്ട്. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ മുകളിൽ നിന്ന് മൂലവതനം, സൂക്ഷ്മ വതനം, സ്ഥൂലവതനത്തിന്റെ ആദി, മധ്യ, അന്ത്യത്തിന്റെ മുഴുവൻ രഹസ്യവും തിളങ്ങിക്കൊണ്ടിരിക്കുന്നു. ബാബയിലും ഈ ജ്ഞാനമാണുള്ളത് അതാണ് നിങ്ങളെ കേൾപ്പിക്കുന്നത്. ഇത് തീർത്തും പുതിയ ജ്ഞാനമാണ്. ശാസ്ത്രങ്ങളിലെല്ലാം പേരുകളുണ്ട്, എന്നാൽ ആ പേര് പറയുന്നതിലൂടെ എല്ലാവരും സംശയിക്കുന്നു, തർക്കിക്കാൻ തുടങ്ങും. ഇവിടെ വളരെ സരളമായ രീതിയിലൂടെയാണ് മനസ്സിലാക്കി തരുന്നത്- ഭഗവാനുവാച, എന്നെ ഓർമ്മിക്കൂ, ഞാൻ തന്നെയാണ് പതിത പാവൻ. ഒരിക്കലും കൃഷ്ണനെയോ അഥവാ ബ്രഹ്മാ, വിഷ്ണു, ശങ്കരനെയോ പതിത പാവനൻ എന്ന് പറയില്ല. സൂക്ഷ്മ വതന വാസികളെ പോലും നിങ്ങൾ പതിത പാവനൻ എന്ന് പറയുന്നില്ലായെങ്കിൽ സ്ഥൂലവതനത്തിലെ മനുഷ്യരെങ്ങനെ പതിതപാവനൻ ആകും? ഈ ജ്ഞാനവും നിങ്ങളുടെ ബുദ്ധിയിൽ മാത്രമാണുള്ളത്. ശാസ്ത്രങ്ങളെക്കുറിച്ച് കൂടുതൽ തർക്കിക്കുന്നത് നല്ലതല്ല. ഒരുപാട് വാദവിവാദങ്ങൾ ഉണ്ടാക്കുന്നു. പരസ്പരം വടികൊണ്ട് അടിക്കാൻ പോലും മുതിരുന്നു. നിങ്ങൾക്ക് വളരെ സഹജമായാണ് മനസ്സിലാക്കി തരുന്നത്. ശാസ്ത്രങ്ങളുടെ കാര്യങ്ങളിൽ ഒരുപാടൊന്നും പോകരുത്. മുഖ്യമായ കാര്യം തന്നെ ആത്മാഭിമാനിയായി മാറുന്നതിനാണ്. സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കുക ഒപ്പം ബാബയെ ഓർമ്മിക്കുക, ഈ ശ്രീമതമാണ് മുഖ്യം. ബാക്കിയെല്ലാം വിസ്താരമാണ്. ബീജം എത്ര ചെറുതാണ്, ബാക്കി വൃക്ഷത്തിന്റെ വിസ്താരമാണുള്ളത്. ഏതുപോലെയാണോ ബീജത്തിൽ മുഴുവൻ ജ്ഞാനവും അടങ്ങിയിട്ടുള്ളത് അതുപോലെ ഈ മുഴുവൻ ജ്ഞാനവും ബീജമാകുന്ന ബാബയിലടങ്ങിയിട്ടുണ്ട്. നിങ്ങളുടെ ബുദ്ധിയിൽ ബീജവും വൃക്ഷവും വന്നു കഴിഞ്ഞു. ഏതുപോലെയാണോ നിങ്ങളറിയുന്നത് അതുപോലെ മറ്റാർക്കും മനസ്സിലാക്കാൻ സാധിക്കില്ല. വൃക്ഷത്തിന്റെ ആയുസ്സ് തന്നെ നീട്ടിയെഴുതിയിരിക്കുകയാണ്. ബാബയിരുന്ന് ബീജത്തിന്റെയും വൃക്ഷത്തിന്റെയും അഥവാ ഡ്രാമയാകുന്ന ചക്രത്തിന്റെയും രഹസ്യം മനസ്സിലാക്കി തരികയാണ്. നിങ്ങൾ സ്വദർശന ചക്രധാരിയാണ്. ആരെങ്കിലും പുതിയവർ വരികയാണെങ്കിൽ, ബാബ സ്വദർശന ചക്രധാരിയായ കുട്ടികളേ, എന്ന മഹിമ പറഞ്ഞാൽ അവർക്ക് മനസ്സിലാക്കാൻ സാധിക്കില്ല. അവർ സ്വയത്തെ കുട്ടിയാണെന്ന് പോലും മനസ്സിലാക്കുന്നില്ല. ഈ ബാബയും ഗുപ്തമാണ്, ജ്ഞാനവും ഗുപ്തമാണ്, സമ്പത്തും ഗുപ്തമാണ്. പുതിയവർ കേട്ട് സംശയിക്കാൻ തുടങ്ങും. അതുകൊണ്ടാണ് 7 ദിവസത്തെ ഭട്ടിയിലിരുത്തുന്നത്. ഈ 7 ദിവസത്തെ ഭാഗവതം അഥവാ രാമായണമെല്ലാം വെയ്ക്കുന്നത്, വാസ്തവത്തിൽ ഈ സമയം 7 ദിവസത്തിന്റെ ഭട്ഠിയുടെ കാര്യമാണ്. അതിനാൽ ബുദ്ധിയിൽ ഏതെല്ലാം അഴുക്കുകളുണ്ടോ അതു മുഴുവൻ ഇല്ലാതാക്കി പിന്നീട് ബാബയുമായി ബുദ്ധിയോഗം വെയ്ക്കണം. ഇവിടെ എല്ലാവരും രോഗികളാണ്. സത്യയുഗത്തിൽ ഈ രോഗങ്ങളൊന്നും ഉണ്ടായിരിക്കില്ല. ഇത് പകുതി കല്പത്തിന്റെ രോഗമാണ്, 5 വികാരങ്ങളുടെ രോഗം വലിയ ഭാരിച്ചതാണ്. അവിടെ ദേഹീ അഭിമാനികളായാണ് കഴിയുന്നത്. അറിയാം നമ്മൾ ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കുകയാണ്. ആദ്യം സാക്ഷാത്ക്കാരം ഉണ്ടാകുന്നു. അകാല മൃത്യു ഒരിക്കലും സംഭവിക്കില്ല. നിങ്ങളെ കാലത്തിന് മേൽ വിജയം പ്രാപ്തമാക്കി തരികയാണ്. കാലന്റെയും കാലൻ എന്നാണ് പറയുന്നത്. മഹാകാലന്റെയും ക്ഷേത്രങ്ങൾ ഉണ്ടാകുന്നു. സിക്കുകാരുടെ അകാല സിംഹാസനമുണ്ട്. വാസ്തവത്തിൽ അകാല സിംഹാസനം ഈ ഭ്രൂമദ്ധ്യമാണ്, എവിടെയാണോ ആത്മാവ് സ്ഥിതി ചെയ്യുന്നത്. എല്ലാ ആത്മാക്കളും ഈ അകാല സിംഹാസനത്തിലാണിരിക്കുന്നത്. ഇത് ബാബ

യിരുന്ന് മനസ്സിലാക്കി തരുകയാണ്. ബാബയ്ക്ക് തന്റേതായ സിംഹാസനമില്ല. ബാബ വന്ന് ഈ ബ്രഹ്മാവിന്റെ സിംഹാസനമെടുക്കുകയാണ്. ഈ സിംഹാസനത്തിലിരുന്ന് നിങ്ങൾ കുട്ടികളെ സ്ഥൂല സിംഹാസനധാരിയാക്കി മാറ്റുകയാണ്. ലക്ഷ്മീ നാരായണന്മാർ ആസനസ്ഥരായിരിക്കുന്ന സ്ഥൂല സിംഹാസനം എങ്ങനെയുണ്ടായിരിക്കുമെന്ന് നിങ്ങൾക്കറിയാം. സ്ഥൂല സിംഹാസനത്തിന്റെ മഹിമയുണ്ടല്ലോ.

ചിന്തിക്കണം, ബാബയെ നിഷ്ക്കളങ്കനായ ഭഗവാൻ എന്ന് എന്തുകൊണ്ടാണ് പറയുന്നത്? നിഷ്ക്കളങ്കനായ ഭഗവാൻ എന്ന് പറയുന്നതിലൂടെ ബുദ്ധി മുകളിലേയ്ക്ക് പോകുന്നു. സാധു സന്യാസിമാർ മുതലായവർ വിരലിലൂടെ സൂചനയും അങ്ങനെയല്ലേ നൽകുന്നത് മുകളിൽ ഓർമ്മിക്കൂ. യഥാർത്ഥ രീതിയിൽ ആർക്കും അറിയാൻ സാധിക്കില്ല. ഇപ്പോൾ പതിത പാവനനായ ബാബ സന്മുഖത്ത് വന്ന് പറയുകയാണ് എന്നെ ഓർമ്മിക്കൂ എന്നാൽ നിങ്ങളുടെ വികർമ്മങ്ങൾ വിനാശമാകും. ഗ്യാരണ്ടിയാണ്. ഗീതയിൽ പോലും എഴുതിയിട്ടുണ്ട് എന്നാൽ നിങ്ങൾ ഗീതയിലെ ഒരു ഉദാഹരണമെടുക്കുമ്പോൾ അവർ പത്തെണ്ണമെടുക്കും, അതിനാൽ ആവശ്യമില്ല. ആരണോ ശാസ്ത്രങ്ങളെല്ലാം പഠിച്ചിട്ടുള്ളത് അവർ മനസ്സിലാക്കും നമുക്ക് യുദ്ധം ചെയ്യാൻ സാധിക്കും. നിങ്ങൾ കുട്ടികൾക്കാർക്കാണോ ഈ ശാസ്ത്രങ്ങളൊന്നും തന്നെ അറിയാത്തത്, നിങ്ങളതിന്റെ പേര് പോലും എടുക്കരുത്. ഇത്രമാത്രം പറയൂ ഭഗവാൻ പറയുകയാണ്, നിങ്ങളുടെ അച്ഛനെ ഓർമ്മിക്കൂ, അദ്ദേഹത്തെ തന്നെയാണ് പതിതപാവനൻ എന്ന് പറയുന്നത്. പാടാറുണ്ട് പതിത പാവന സീതാറാം... സന്യസിമാർ പോലും അവിടെയും ഇവിടെയുമെല്ലാം പറഞ്ഞുകൊണ്ടേയിരിക്കും. അങ്ങനെയുള്ള അഭിപ്രായമുള്ളവർ ഒരുപാട് പേർ ഉണ്ടല്ലോ. ഈ ഗീതം എത്ര സുന്ദരമാണ്, ഡ്രാമാ പ്ലാനനുസരിച്ച് കല്പ കല്പം ഇങ്ങനെയുള്ള ഗീതം ഉണ്ടാക്കുന്നു. നിങ്ങൾ കുട്ടികൾക്ക് വേണ്ടിതന്നെ ഉണ്ടാക്കിയത് പോലെയാണ്. ഇങ്ങനെയിങ്ങനെയുള്ള നല്ല നല്ല ഗീതങ്ങൾ ഉണ്ട്. കണ്ണ് കാണാത്തവർക്ക് വഴി കാണിക്കൂ പ്രഭോ...... പ്രഭുവെന്നത് കൃഷ്ണനെയല്ല പറയുന്നത്. പ്രഭു അഥവാ ഈശ്വരൻ എന്ന് നിരാകാരനെ തന്നെയയാണ് പറയുന്നത്. ഇവിടെ നിങ്ങൾ പറയുന്നു ബാബ, പരംപിതാ പരമാത്മാവെന്ന്. അതും ആത്മാവ് തന്നെയല്ലേ. ഭക്തി മാർഗ്ഗത്തിൽ വളരെയധികം ആഴങ്ങളിലേയ്ക്ക് പോയി. ഇവിടെ വളരെ സരളമായ കാര്യങ്ങളാണ്. അള്ളാഹുവും സമ്പത്തും. ഭഗവാൻ അള്ളാഹു, സമ്പത്ത് ചക്രവർത്തീ പദവി. ഇത്രയും സരളമായ കാര്യമാണ്. ബാബയെ ഓർമ്മിക്കൂ എന്നാൽ നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരിയായി മാറും. വാസ്തവത്തിൽ ഈ ലക്ഷ്മീ നാരായണൻ സ്വർഗ്ഗത്തിന്റെ അധികാരികളും സമ്പൂർണ്ണ നിർവികാരികളുമായിരന്നു. അതിനാൽ ബാബയെ ഓർമ്മിക്കുന്നതിലൂടെ മാത്രമേ നിങ്ങൾ ഇങ്ങനെ സമ്പൂർണ്ണമായി മാറുകയുള്ളൂ. ആര് എത്രത്തോളം ഓർമ്മിക്കുന്നുവോ ഒപ്പം സേവനവും ചെയ്യുന്നോ അത്രയും അവർ ഉയർന്ന പദവി പ്രാപ്തമാക്കുന്നു. അത് മനസ്സിലാക്കാനും സാധിക്കുന്നു, സ്ക്കൂളിൽ വിദ്യാർത്ഥികൾക്കെന്താ മനസ്സിലാക്കൻ സാധിക്കില്ലേ, ഞാൻ കുറച്ചേ പഠിക്കുന്നുള്ളൂ! ആരാണോ പൂർണ്ണമായ രീതിയിൽ ശ്രദ്ധിക്കാത്തത്, പിറകിൽ തന്നെയിരിക്കുന്നത്, തീർച്ചയായും തോറ്റു പോകും.

സ്വയം സ്വയത്തെ റിഫ്രെഷ് ആക്കുന്നതിന് വേണ്ടി ജ്ഞാനത്തിന്റെ ഏതെല്ലാം നല്ല നല്ല ഗീതങ്ങളാണോ ഉണ്ടാക്കിയിട്ടുള്ളത് അവ കേൾക്കണം. ഇങ്ങനെയിങ്ങനെയുള്ള ഗീതങ്ങൾ തന്റെ വീട്ടിൽ വെയ്ക്കണം. ആർക്കും ഇതിൽ മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. എങ്ങനെയാണ് മായയുടെ നിഴൽ വീണ്ടും വീഴുന്നത്. ശാസ്ത്രങ്ങളിൽ ഈ കാര്യങ്ങളൊന്നും ഇല്ല. കല്പത്തിന്റെ ആയുസ്സ് 5000 വർഷമാണ്. ബ്രഹ്മാവിന്റെ പകലും ബ്രഹ്മാവിന്റെ രാത്രിയും പകുതി പകുതിയാണ്. ഈ ഗീതവും ആരോ ഉണ്ടാക്കിപ്പിച്ചതാണ്. ബാബ ബുദ്ധിവാൻമാരുടെയും ബുദ്ധിയാണ് അതിനാൽ ആരുടെയോ ബുദ്ധിയിൽ വന്നു അവർ ഇരുന്നുണ്ടാക്കി. ഈ ഗീതങ്ങളിലൂടെയും പോലും എത്ര പേർക്കാണ് സാക്ഷാത്കാരം ലഭിക്കുന്നത്. ഒരു ദിവസം ഈ ജ്ഞാനത്തിന്റെ ഗീതങ്ങൾ പാടുന്നവർ നിങ്ങളുടെയടുത്തേയ്ക്ക് വരും. ബാബയുടെ മഹിമയിൽ ലയിക്കുന്ന ഗീതങ്ങൾ പാടും. അങ്ങനെയങ്ങനെയുള്ളവരും വരും. ഈണത്തിനും പ്രാധാന്യമുണ്ട്. സംഗീത വിദ്യയ്ക്കും വളരെയധികം പ്രസിദ്ധിയുണ്ട്. ഇപ്പോൾ ഇങ്ങനെയുള്ള ആരും ഇല്ല. ഒരു ഗീതം മാത്രമേ ഉണ്ടാക്കിയിരുന്നുള്ളൂ. എത്ര മധുരവും എത്ര പ്രിയനുമാണ്...... ബാബ വളരെ മധുരവും വളരെയധികം പ്രിയങ്കരനുമാണ്. അതുകണ്ടാണ് എല്ലാവരും ബാബയെ ഓർമ്മിക്കുന്നത്. അല്ലാതെ ദേവതകൾ ബാബയെ ഓർമ്മിക്കുന്നില്ല. ചിത്രത്തിൽ രാമന്റെ മുന്നിൽ പോലും ശിവനെ കാണിച്ചിട്ടുണ്ട്, രാമൻ പൂജ ചെയ്യുകയാണ്. ഇത് തെറ്റാണ്. ദേവതകൾ ആരെയെങ്കിലും ഓർമ്മിക്കുമോ. ഓർമ്മിക്കുന്നത് മനുഷ്യരാണ്. നിങ്ങളും ഇപ്പോൾ മനുഷ്യരാണ് പിന്നീട് ദേവതയായി മാറും. ദേവതയും മനുഷ്യരും തമ്മിൽ രാത്രിയുടെയും പകലിന്റെയും വ്യത്യാസമുണ്ട്. അതേ ദേവതകൾ പിന്നീട് മനുഷ്യരായി മാറുന്നു. എങ്ങനെയാണ് ചക്രം കറങ്ങികൊണ്ടേയിരിക്കുന്നത്, ആർക്കും അറിയില്ല. നിങ്ങൾക്കിപ്പോൾ അറിയാൻ സാധിച്ചു നമ്മൾ സത്യം സത്യമായ ദേവതകളായി മാറുന്നു. ഇപ്പോൾ നമ്മൾ ബ്രാഹ്മണരാണ്. പുതിയ ലോകത്തിൽ ദേവതകളായി അറിയപ്പെടും ഇപ്പോൾ നിങ്ങൾക്ക് അതിശയം തോന്നുകയാണ്. ഈ ബ്രഹ്മാവ് സ്വയം ഈ ജന്മത്തിൽ ആദ്യം പൂജാരിയായിരുന്നു, ശ്രീ നാരായണന്റെ മഹിമ പാടിയിരുന്നു, നാരായണനോട് വളരെ സ്നേഹമായിരുന്നു. ഇപ്പോൾ അത്ഭുതം തോന്നുന്നു, നമ്മൾ തന്നെയാണ് ആയികൊണ്ടി

രിക്കുന്നത്. അതിനാൽ എത്ര സന്തോഷമുണ്ടായിരിക്കണം. നിങ്ങൾ അറിയപ്പെടാത്ത യോദ്ധാക്കളാണ്, അഹിംസകർ. സത്യമായും നിങ്ങൾ ഡബിൾ അഹിംസകരാണ്. കാമവികാരവുമില്ല, ആ യുദ്ധവുമില്ല. കാമം വേറെയാണ്, ക്രോധം വേറൊന്നാണ്. അതിനാൽ നിങ്ങൾ ഡബിൾ അഹിംസകരാണ്. നോൺ വയലൻസ് സേന. സേനയെന്ന പേരുള്ളതുകൊണ്ട് അവർ പിന്നെ സേനകളെ നിർത്തിയിരിക്കുകയാണ്. മഹാഭാരത യുദ്ധത്തിൽ പുരുഷന്മാരുടെ പേര് കാണിച്ചിരിക്കുന്നു. സ്ത്രീകളില്ല. വാസ്തവത്തിൽ നിങ്ങൾ ശിവശക്തി സേനകളാണ്. ഭൂരിപക്ഷവും നിങ്ങളായതുകാരണമാണ് ശിവശക്തി സേനയെന്ന് പറയപ്പെടുന്നു. ഈ കാര്യങ്ങളെല്ലാം ബാബ തന്നെയാണ് മനസ്സിലാക്കി തരുന്നത്.
ഇപ്പോൾ നിങ്ങൾ കുട്ടികൾ നവയുഗത്തെ ഓർമ്മിക്കുന്നു. ലോകത്തിലെ ഒരാൾക്കുപോലും നവയുഗത്തെക്കുറിച്ച് അറിയുകയില്ല. അവർ മനസ്സിലാക്കിയിരിക്കുന്നത് നവയുഗം 40000 വർഷങ്ങൾക്ക് ശേഷം വരും എന്നാണ്. സത്യയുഗമാണ് നവയുഗം, ഇത് വളരെ വ്യക്തമാണ്. അതിനാൽ ബാബ അഭിപ്രായം നൽകുകയാണ് ഇങ്ങനെയിങ്ങനെയുള്ള നല്ല ഗീതങ്ങൾ കേട്ട് റിഫ്രഷ് ആവുകയും മറ്റുള്ളവർക്ക് മനസ്സിലാക്കികൊടുക്കുകയും ചെയ്യണം. ഇതെല്ലാം യുക്തികളാണ്. ഇതിന്റെ അർത്ഥവും നിങ്ങൾക്ക് മാത്രമാണ് മനസ്സിലാക്കാൻ സാധിക്കുക. സ്വയം റിഫ്രഷ് ചെയ്യുന്നതിന് വേണ്ടിയുള്ള വളരെ നല്ല നല്ല ഗീതങ്ങളാണ്. ഈ ഗീതം വളരെയധികം സഹായിക്കുന്നു. അർത്ഥം അറിയുകയാണെങ്കിൽ മുഖവും വിടരും, സന്തോഷവും ഉണ്ടാകും. ബാക്കി ആർക്കാണോ കൂടുതൽ ധാരണ ചെയ്യാൻ സാധിക്കാത്തത് അവർക്ക് വേണ്ടി ബാബ പറയുന്നു വീട്ടിലിരുന്ന് ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കൂ. ഗൃഹസ്ഥ വ്യവഹാരത്തിലുന്നും കേവലം ഈ മന്ത്രം ഓർമ്മ വെയ്ക്കൂ – ബാബയെ ഓർമ്മിക്കൂ പവിത്രമാകൂ. മുമ്പ് പുരുഷന്മാർ പത്നിമാരോട് പറയുമായിരുന്നു വീട്ടിലിരുന്നാലും ഭഗവാനെ ഓർമ്മിക്കാൻ സാധിക്കുമല്ലോ പിന്നെ ക്ഷേത്രങ്ങളിൽ പോയി അലയേണ്ടതിന്റെ ആവശ്യമെന്താണ്? ഞങ്ങൾ നിങ്ങൾക്ക് വീട്ടിൽ മൂർത്തിയെ നൽകാം, ഇവിടെയിരുന്ന് ഓർമ്മിക്കൂ, ബുദ്ധിമുട്ട് അനുഭവിക്കാനെന്തിനാണ് പോകുന്നത്? അങ്ങനെ ഒരുപാട് പുരുഷന്മാർ സ്ത്രീകളെ പോകാൻ അനുവദിക്കുമായിരുന്നില്ല. ഒരേ കാര്യം തന്നെയാണ്, പൂജ ചെയ്യണം ഓർമ്മിക്കണം. ഒരു തവണ കണ്ടുകഴിയുമ്പോൾ പിന്നെ അതുപോലെ ഓർമ്മിക്കാൻ സാധിക്കുന്നു. കൃഷ്ണന്റെ ചിത്രം സാധാരണമാണ് – മയിൽ പീലി കിരീടധാരി. നിങ്ങൾ കുട്ടികൾക്ക് സാക്ഷത്ക്കാരം ഉണ്ടായി എങ്ങനെയാണ് അവിടെ ജന്മം ഉണ്ടാകുന്നത്, അതും സാക്ഷാത്ക്കാരം ചെയ്തു, എന്താ നിങ്ങൾക്കതിന്റെ ഫോട്ടോ എടുക്കാൻ സാധിക്കുമോ? കൃത്യമായി ആർക്കും എടുക്കാൻ സാധിക്കില്ല. കേവലം ദിവ്യദൃഷ്ടിയിലൂടെ കാണാനേ സാധിക്കൂ, ഉണ്ടാക്കാൻ സാധിക്കില്ല, ബാക്കി, കണ്ട് വർണ്ണക്കാൻ സാധിക്കും, അതേ രീതിയിൽ പെയിന്റ് ചെയ്യാൻ സാധിക്കില്ല. ഒരു പക്ഷെ സമർത്ഥ ശാലിയായ ചിത്രകാരനാണെങ്കിലും, സാക്ഷാത്ക്കാരം ചെയ്താൽ പോലും കൃത്യമായി രൂപങ്ങളെടുക്കാൻ സാധിക്കില്ല. അതിനാൽ ബാബ മനസ്സിലാക്കി തന്നു, ആരോടും കൂടുതലായി തർക്കിക്കരുത്, പറയൂ, നിങ്ങൾ പാവനമായി മാറുന്നതിലാണ് നേട്ടം. ഒപ്പം ശാന്തി യാചിക്കുന്നുണ്ടെങ്കിൽ ബാബയെ ഓർമ്മിക്കൂ, പവിത്രമായി മാറൂ. പവിത്രമായ ആത്മാവിന് ഇവിടെ ഇരിക്കാൻ സാധിക്കില്ല. തിരിച്ച് പോകും. ആത്മാക്കളെ പാവനമാക്കി മാറ്റുന്നതിനുള്ള ശക്തി ഒരു ബാബയിലാണുള്ളത്, മറ്റാർക്കും പാവനമാക്കി മാറ്റാൻ സാധിക്കില്ല. നിങ്ങൾ കുട്ടികൾക്കറിയാം ഇത് മുഴുവൻ സ്റ്റേജാണ്, ഇതിലാണ് നാടകം ഉണ്ടാകുന്നത്. ഈ സമയം മുഴുവൻ സ്റ്റേജിലും രാവണ രാജ്യമാണ്. മുഴുവൻ സമുദ്രത്തിലും സൃഷ്ടി നിലനിൽക്കുകയാണ്. ഇത് പരിധിയില്ലാത്ത ദ്വീപാണ്. അത് പരിധിയുള്ളതാണ്. ഇത് പരിധിയില്ലാത്തതാണ്. ഏതിലാണോ പകുതി കല്പം ദൈവീക രാജ്യവും, പകുതി കല്പം ആസുരീയ രാജ്യവുണ്ടാകുന്നത്. നോക്കുകയാണെങ്കിൽ രാജ്യങ്ങൾ വേറെ വേറെയാണ്, എന്നാൽ ഇത് മുഴുവൻ പരിധിയില്ലാത്ത കാര്യമാണ്. നിങ്ങൾക്കറിയാം നമ്മൾ ഗംഗ, യമുനാ നദിയുടെ മധുരമായ തീരത്ത് തന്നെയായിരിക്കും. സമുദ്രത്തിലേയ്ക്കൊന്നും പോകേണ്ട ആവശ്യമില്ല. ഈ പറയുന്ന ദ്വാരകയല്ലാം സമുദ്രത്തിന്റെ അടിയിലൊന്നുമല്ല. ദ്വാരക മറ്റൊരു ദ്വീപല്ല. നിങ്ങൾ കുട്ടികൾ എല്ലാ സാക്ഷാത്ക്കാരവും ചെയ്തിട്ടുണ്ട്. തുടക്കത്തിൽ ഈ സന്ദേശിയും ഗുൽസാറും ഒരുപാട് സാക്ഷാത്ക്കാരം ചെയ്യുമായിരുന്നു. ഇവർ വലിയ പാർട്ടഭിനയിച്ചു. എന്തുകൊണ്ടെന്നാൽ ഭട്ടിയിൽ കുട്ടികളെ ആനന്ദിപ്പിക്കണമായിരുന്നു. അതുകൊണ്ട് സാക്ഷാത്ക്കാരത്തിലൂടെ ഒരുപാടൊരുപാട് ആനന്ദിപ്പിച്ചിട്ടുണ്ട്. ബാബ പറയുന്നു – പിന്നീട് അവസാനവും ഒരുപാട് ആനന്ദിപ്പിക്കും. പിന്നീട് ആ പാർട്ട് വേറെയാണ്. ഗീതത്തിലുമുണ്ടല്ലോ – ഞാനെന്താണോ കണ്ടത് അത് നീ കണ്ടിട്ടില്ല. നിങ്ങൾ പെട്ടെന്ന് പെട്ടെന്ന് സാക്ഷാത്ക്കാരം ചെയ്തുകൊണ്ടേയിരിക്കും. ഏതു പോലെയാണോ പരീക്ഷയുടെ ദിവസങ്ങൾ അടുത്തു വരുമ്പോൾ നമ്മൾ എത്ര മാർക്കോടു കൂടി പാസാവുമെന്നുള്ളത് അറിയാൻ സാധിക്കുന്നത്. നിങ്ങളുടെ ഇതും ഒരു പഠിപ്പാണ്. ഇപ്പോൾ നിങ്ങൾ നോളജ്ഫുള്ളായിരിക്കുന്നു. എല്ലാവരും നിറഞ്ഞിരിക്കില്ല. സ്ക്കൂളിൽ എപ്പോഴും നമ്പർവൈസായിരിക്കും. ഇതും ജ്ഞാനമാണ് – മൂലവതനം, സൂക്ഷ്മ വതനം, മൂന്ന് ലോകത്തിന്റെയും ജ്ഞാനം നിങ്ങളിലുണ്ട്. ഈ സൃഷ്ടി ചക്രത്തെ നിങ്ങൾക്കറിയാം, ഇത് കറങ്ങികൊണ്ടേയിരിക്കുന്നു. ബാബ പറയുന്നു നിങ്ങൾക്ക് ഏതൊരു ജ്ഞാനമാണോ നൽകി

യിട്ടുള്ളത്, ഇത് മറ്റാർക്കും മനസ്സലാക്കി തരാൻ സാധിക്കില്ല. നിങ്ങളുടെയടുത്ത് പരിധിയില്ലാത്ത ദശയാണ്. ചിലരുടെത് ബൃഹസ്പതിയുടെ ദശയാണ്, ചിലരുടെത് രാഹുവിന്റെ ദശയാണ്. രാഹുവിന്റേതാണെങ്കിൽ പോയി ചണ്ഡാലനും മറ്റുമായായി മാറും. ഇതാണ് പരിധിയില്ലാത്ത ദശ, മറ്റേത് പരിധിയുള്ള ദശ. പരിധിയില്ലാത്ത ബാബ പരിധിയില്ലാത്ത കാര്യങ്ങളാണ് കേൾപ്പിക്കുന്നത്, പരിധിയില്ലാത്ത സമ്പത്ത് നൽകുന്നു. നിങ്ങൾ കുട്ടികൾക്ക് എത്ര സന്തോഷമുണ്ടായിരിക്കണം. നിങ്ങൾ അനേക തവണ ചക്രവർത്തി പദവി നേടിയിട്ടുമുണ്ട് നഷ്ടപപ്പെടുത്തിയിട്ടുമുണ്ട്, ഇത് വളരെ ഉറപ്പുള്ള കാര്യമാണ്, ഒന്നും പുതിയതല്ല, അതുകൊണ്ട് നിങ്ങൾക്ക് സദാ ഹർഷിതമായിരിക്കാൻ സാധിക്കും. ഇല്ലായെങ്കിൽ മായ വിഘ്നങ്ങളിടും.

നിങ്ങളെല്ലാവരും ഓരേയൊരു പ്രിയതമന്റെ പ്രിയതമകളാണ്. എല്ലാ പ്രിയതമകളും ആ ഒരു പ്രിയതമനെ തന്നെയാണ് ഓർമ്മിക്കുന്നത്. പ്രിയതമൻ വന്ന് എല്ലാവർക്കും സുഖം നൽകുന്നു. പകുതി കല്പം ആ പ്രിയതമനെയാണ് ഓർമ്മിച്ചത്, ഇപ്പോൾ ലഭിച്ചുവെങ്കിൽ എത്ര സന്തോഷമുണ്ടായിരിക്കണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുളള മുഖ്യ സാരം:-

1) സദാ ഹർഷിതമായിരിക്കുന്നതിന് വേണ്ടി ഒന്നും പുതിയതല്ല എന്ന പാഠം ഉറപ്പിക്കണം. പരിധിയില്ലാത്ത ബാബ നമുക്ക് പരിധിയില്ലാത്ത ചക്രവർത്തി പദവി നൽകികൊണ്ടിരിക്കുകയാണ് – ഈ സന്തോഷത്തിൽ കഴിയണം.

2) ജ്ഞാനത്തിന്റെ നല്ല നല്ല ഗീതങ്ങൾ കേട്ട് സ്വയത്തെ റിഫ്രഷാക്കണം. അതിന്റെ അർത്ഥം കണ്ടുപിടിച്ച് മറ്റുള്ളവരെ കേൾപ്പിക്കണം.

## വരദാനം – മായയുടെ സംബന്ധങ്ങളോട് വിടപറഞ്ഞ് ബാബയുടെ സംബന്ധങ്ങളുമായി കൊടുക്കൽ വാങ്ങൽ നടത്തുന്ന മായാജീത്ത് മോഹാജീത്ത് ഭവ

ഇപ്പോൾ സ്മൃതിയിൽ നിന്നു പോലും പഴയതെല്ലാം ക്യാൻസൽ ചെയ്ത് സിംഗിളാകൂ. പരസ്പരം സഹയോഗികളാകണം എന്നാൽ കൂട്ടുകാരല്ല. ഒരേയൊരു ബാബയെ തന്റെ കൂട്ടുകാരനാക്കൂ എന്നാൽ മായയുടെ സംബന്ധങ്ങളോട് വിടനൽകാൻ സാധിക്കും. മായാജീത്ത് മോഹാജീത്ത് വിജയിയായിരിക്കുന്നു. അഥവാ ലേശം പോലും ആരിലെങ്കിലും മോഹമുണ്ടെങ്കിൽ തീവ്രപുരുഷാർത്ഥിക്കു പകരം പുരുഷാർത്ഥിയായിത്തീരുന്നു. അതിനാൽ എന്തുതന്നെ സംഭവിച്ചാലും സന്തോഷത്താൽ നൃത്തമാടൂ. എലിക്ക് പ്രാണവേദന പൂച്ചയ്ക്ക് വിളയാട്ടം – ഇതിയെയാണ് നഷ്ടോമോഹ എന്ന് പറയുന്നത്. ഇങ്ങനെ നഷ്ടോമോഹാ ആയിരിക്കുന്നവർ തന്നെയാണ് വിജയമാലയിലെ മണിയായി മാറുക.

## സ്ലോഗൻ – സത്യതയുടെ വിശേഷതയിലൂടെ വജ്രത്തിന്റെ തിളക്കത്തെ വർദ്ധിപ്പിക്കൂ.

അവ്യക്ത സൂചന –ഏകാന്തപ്രിയരാകൂ ഏകതയെയും ഏകാഗ്രതയെയും സ്വീകരിക്കൂ.
ബാപ്ദാദ ആഗ്രഹിക്കുന്നു ഓരോ കുട്ടിയും ഏകരസവും ശ്രേഷ്ഠ സ്ഥിതിയുടെയും ആസനധാരി, ഏകാന്തവാസി, അശരീരി, ഏകതയുടെ സ്ഥാപകൻ, ഏകനാമി, എകോണമിയുടെ അവതാരമായി മാറണം. പരസ്പരം മറ്റുള്ളവരുടെ അഭിപ്രായങ്ങളെ മനസ്സിലാക്കി, അംഗീകരിച്ച്, പരസ്പരം സൂചന നൽകി, കാര്യങ്ങൾ കൈമാറി സംഘടനയുടെ ശക്തിയുടെ സ്വരൂപം പ്രത്യക്ഷമാക്കൂ. എന്തുകൊണ്ടെന്നാൽ താങ്കളുടെ കൂട്ടായ്മയുടെ ഏകതയുടെ ശക്തി, മുഴുവൻ ബ്രാഹ്മണ പരിവാരത്തെയും കൂട്ടായ്മയിലേക്ക് കൊണ്ടുവരാൻ നിമിത്തമാകുന്നു.